

# മഞ്ഞിൽ
## വിരിയാഞ്ഞ പൂക്കൾ
### സിനിമ അനുഭവം പഠനം

എഡിറ്റർ:
**സജി കരിങ്ങോല**

ഡോ. ജോസ് കെ. മാനുവൽ
ഡോ. ഒ. കെ. സന്തോഷ്
ഡോ. ഷെല്ലി എം. ആർ.
ഡോ. എസ്. അജയഘോഷ്
ഡോ. ജി. ജെയിംസ്
ജോർജ്ജ് അലോഷ്യസ്
നിബുലാൽ വെട്ടൂർ
സഖരിയ റ്റി.
ഷമീർ സി. എൻ.
വിനോദ് എൽ.
റ്റി. തുഷാദ്
ജോൺ ജെ.
ഡോ. ബിയാട്രിക്സ് അലക്സിസ്
ഡോ. ടി. അനിതകുമാരി
ഡോ. എം. എസ്. സുചിത്ര
ഡോ. ആർ. എസ്. ജയ
ഡോ. സംപ്രീത കെ.
ലീമ വി. കെ.
പെട്രീഷ്യ ജോൺ
ഐശ്വര്യ എം.
റ്റിയ മറിയം ജേക്കബ്
അഞ്ജലി എ.
ബിന്ദു എസ്.
അനു പണിക്കർ

മലയാള സിനിമയുടെ സഞ്ചാരപഥങ്ങൾ, രാഷ്ട്രീയം, സാമൂഹിക പ്രതിബദ്ധത, ദൃശ്യ-ശ്രവ്യ-സ്ഥല-കാല ഭാവനകൾ, സാംസ്കാരികോദ്യമങ്ങൾ, യാഥാർത്ഥ്യ -അയഥാർത്ഥ്യ ബോധതലങ്ങൾ എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്ന ഇരുപത്തിരണ്ടു പഠനങ്ങളും ഒരു അനുഭവക്കുറിപ്പും ഉൾക്കൊള്ളുന്ന സമാഹാരം.

Online Distribution: www.malayanma.org

MANJIL VIRIYANJA POOKKAL

HARI SRI PUBLICATIONS
KOLLAM 691 019
Study
₹210
An imprint of
AARRO BOOKS

ISBN 81-88192-02-3
9798188192020 210

# മഞ്ഞിൽ
## വിരിയാഞ്ഞ പൂക്കൾ
### സിനിമ അനുഭവം പഠനം

എഡിറ്റർ
**സജി കരിങ്ങോല**

Malayalam language
**Manjil Viriyanja Pookkal**
**Cinema Anubhavam Padanam**
Study

Edited
Saji Karingola

Publishers
**HARISRI PUBLICATIONS**
an imprint of AARRO BOOKS
Mathruka Nagar-127
Uliyacovil P.O., Kollam-691 019
Phone : 0474-2745381
E mail : harisripub@gmail.com
www.harisripublications.com

First Edition : 2016 June
Copy Editor : Unnikrishnan Uliyacovil
Cover Design : Jothy Sankar, 9544420896
Typeset in ML-Revathi by
Sunitha DTP centre
Jawahar Jn., Kollam
Printing : Sujilee Printers, Kollam
rights reserved

Disclaimer
any part of this publication may be reproduced,
stored in or introduced into a retrieval system,
or transmitted in any form, or by any means, electronic,
mechanical, photocopying, recording or otherwise
with the prior written permission of the author and publisher only

ISBN 81-88192-02-3

Price : Rs. 210.00
SL No.32 -1000-18.6 SPB/NS 07/16

# മഞ്ഞിൽ വിരിയാഞ്ഞ പൂക്കൾ

## സിനിമ അനുഭവം പഠനം

എഡിറ്റർ

**സജി കരിങ്ങോല**

ഹരിശ്രീ പബ്ലിക്കേഷൻസ്
ഉളിയക്കോവിൽ, കൊല്ലം

Dr. M.S. SUCHITHRA
Associate Professor
Dept.of Malayalam
S.N. College, Kollam

# ഉള്ളടക്കം

അവതാരിക 9
ഡോ.ബിയാട്രിക്സ് അലക്സിസ്

മലയാളസിനിമയുടെ സഞ്ചാരവഴികൾ 11
ഡോ. ടി. അനിതകുമാരി

ചലച്ചിത്ര പഠനങ്ങൾ 30
ഡോ. ജോസ് കെ. മാനുവൽ

കാഴ്ചയിലെ സ്ഥലഭാവനകൾ : ചില വിചാരങ്ങൾ 50
ഡോ. ഒ.കെ. സന്തോഷ്

ന്യൂ ജനറേഷൻ സിനിമ 58
നിബുലാൽ വെട്ടൂർ

മതാത്മകത, മുസ്ലീംസ്വത്വബോധം:
മലയാള സിനിമയിൽ 66
സഖരിയ റ്റി.

'ജസരി' മലയാള സിനിമയിൽ 76
ഷമീർ സി.എൻ.

പുതുസിനിമ പ്രതിപാദ്യം വിശകലനം 82
ജോർജ്ജ് അലോഷ്യസ്

കമ്മട്ടിപ്പാടത്തെ ബാലനും ഗംഗനും
ധൈഷണിക ഭാഷാശാസ്ത്രവായന 87
ഡോ. സംപ്രീത കെ.

ഗുൽമോഹർ : പെൺകാഴ്ചയുടെ ജ്വാലാമുഖങ്ങൾ 96
ഡോ.എം. എസ്. സുചിത്ര

മഞ്ജുവാര്യരുടെ രണ്ടാംവരവ് ഉന്നയിക്കുന്ന സമസ്യകൾ 101
ലീമ വി.കെ.

ഗദ്ദാമ : പ്രവാസി ജീവിതത്തിന്റെ നേർകാഴ്ച 105
റ്റിയ മറിയം ജേക്കബ്

അന്ധകാലത്തെ ഇത്തിരിവെട്ടം 'പാസഞ്ചർ' എന്ന സിനിമയിലെ സമകാലികലോകം 110
ഡോ. ആർ.എസ്. ജയ

# ഗുൽമോഹർ : പെൺകാഴ്ചയുടെ ജ്വാലാമുഖങ്ങൾ

ഡോ.എം.എസ്. സുചിത്ര

സിനിമ രക്തത്തിൽ അലിഞ്ഞുചേർന്ന പാരമ്പര്യമാണ് ദീദി ദാമോദരനുള്ളത്. മലയാളത്തിലെ വനിത തിരക്കഥാകൃത്തുകളിൽ ശ്രദ്ധേയയായ ഇവർ പ്രസിദ്ധ തിരക്കഥാകൃത്ത് ടി. ദാമോദരൻ മാസ്റ്ററുടെ മകളാണ്. പുരുഷവ്യക്തിത്വ സംസ്ഥാപനത്തിന്റെ സാമ്പ്രദായിക നിലനില്പിനെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അവരുടെ തിരക്കഥയായ 'ഗുൽമോഹർ' നിലകൊള്ളുന്നത്. സ്ത്രീയെ ചിത്രീകരിക്കുന്ന തിരക്കഥയല്ലിത്. ആദ്യമായി ഒരു സ്ത്രീ എഴുതിയ തിരക്കഥ എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണിത്. നീതിബോധവും വ്യക്തിസ്വാതന്ത്ര്യവും അപരിഹാര്യമായി പ്രതിരോധിക്കുന്നതിനെ വെല്ലുവിളിക്കുന്ന പുരുഷന്റെ വ്യക്തിസത്തയെ പച്ചയായി സ്ഥാപിച്ചെടുക്കുകയാണ് ഈ രചനയിലൂടെ. പുരുഷനെ സംബന്ധിക്കുന്ന സ്ത്രീയുടെ കാഴ്ചപ്പാടുകൂടിയാണിത്. വേനൽക്കാലത്ത് പൂക്കുകയും വസന്താന്ത്യത്തിൽ ഇലപൊഴിക്കുകയും തണൽ പകരുകയും ഇന്ധനമായി ഉപയോഗപ്പെടുകയും ചെയ്യുന്ന ഈ വൃക്ഷത്തെ താൻ ആവിഷ്കരിക്കുന്ന പുരുഷസങ്കല്പത്തെ വെളിവാക്കാൻ ദീദി ദാമോദരൻ പ്രതീകാത്മകമായി ഉൾക്കൊള്ളുകയാണ്.



**സഹനത്തിന്റെ കരുതൽ**

ബാല്യത്തിലേ അച്ഛനമ്മമാർ നഷ്ടപ്പെട്ടുപോയ ഇന്ദുചൂഡൻ, ഒരു സ്കൂൾ ഹെഡ്മാസ്റ്ററാണ്. ഭാര്യ ചിത്രയും അവരുടെ അമ്മയും മകനും മകളും അടങ്ങുന്ന കുടുംബം. അവിടെ, പഴയകാല സുഹൃത്ത് ഇന്ദുചൂഡനെ സന്ദർശിക്കുന്ന വേളയിൽ ഇരുപത് വർഷങ്ങൾക്കുമുമ്പുള്ള ഫ്ളാഷ്ബാക്കിലാണ് അയാൾ നക്സലൈറ്റായിരുന്നുവെന്നും ആറു വർഷം ജയിൽവാസം അനുഭവിച്ചിട്ടുണ്ടെന്നും പ്രേക്ഷകർ അറിയുന്നത്. ജോലി സാധ്യത കൈപ്പിടിയിലെത്തിയ ഒരു ഗവേഷകൻ, അയാൾ സാമൂഹിക നീതിയ്ക്കായി പോരാടുകയും ആ ലക്ഷ്യം സ്വപ്നം കാണുകയും ചെയ്യുന്നു. ഇന്ദുചൂഡനും സംഘവും ചേർന്ന് ട്രൈബൽസിനെ ദ്രോഹിക്കുന്നവരെ ഇല്ലായ്മചെയ്യാനും സ്ത്രീകളോടും പെൺകുട്ടികളോടും നീചമായി പെരുമാറുന്ന ചാക്കോ മുതലാളിയെ കൊല്ലാനും പദ്ധതി ആസൂത്രണം ചെയ്ത് ഒടുവിൽ ആളുമാറി മറ്റൊരുവനെ കൊന്ന് ജയിലിലാകുന്നു. 6 വർഷങ്ങൾക്കുശേഷം പുറത്തുവരുന്ന ഇന്ദുചൂഡന്റെ ശേഷിക്കുന്ന ജീവിതത്തെക്കുറിച്ചാണ് സിനിമ നമ്മോട് സംവദിക്കുന്നത്.

ഗാർഹികപ്രശ്നങ്ങൾക്കല്ല, സാമൂഹിക പ്രശ്നങ്ങൾക്കാണ് ഈ രചനയിൽ മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. അനീതിയുടെ ശിരസ്സറുക്കാനാണ് ആയുധമെടുക്കേണ്ടതെന്ന പക്ഷക്കാരനായ ഇന്ദുചൂഡൻ, വികാരങ്ങളെ ഉള്ളിലൊതുക്കാതെ കരയേണ്ട സന്ദർഭങ്ങളിൽ കരയുന്ന ഈ പുരുഷകഥാപാത്രം ഒരപൂർവകാഴ്ചയാണ്. ചാക്കോ മുതലാളിക്കുപകരം ആളുമാറി പോളച്ചനെ കൊന്നപ്പോൾ തേങ്ങിക്കരയുന്ന ഇന്ദുചൂഡനെ നാം കാണുന്നു. കൈക്കൂലി വാങ്ങിയ ഡോക്ടറെ വഴിയിൽതടഞ്ഞ് ജനകീയ വിചാരണ നടത്തിയ സൂത്രധാരൻ ജയിലിൽനിന്നിറങ്ങിയിട്ട് താൻ ആളുമാറി കൊന്ന പോളച്ചന്റെ വൃദ്ധയായ ഭാര്യയുടെ കാൽക്കൽവീണ് കണ്ണീർ ചൊരിയുമ്പോൾ "ജീവിതത്തിന്റെ പൂക്കാലമല്ലേ ജയിലിൽ കഴിച്ചത്. ഇനിയീ കണ്ണീരുകൊണ്ടുകൂടി കഴുകാൻ വേണ്ടും പാപമൊന്നും നിങ്ങൾ ചെയ്തിട്ടില്ല" എന്നാണവർ പറയുന്നത്. പെൺമനസ്സിന്റെ കനിവിന്റെയും സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും കവിഞ്ഞൊഴുക്ക് ഈ വാക്കുകളിൽ നമുക്ക് കാണാനാകും. പെൺമനസ്സിനെ തുറന്ന പുസ്തകം പോലെ കാട്ടിത്തരുന്ന നിരവധി സന്ദർഭങ്ങൾ ഈ തിരക്കഥയിലുണ്ട്. ഇന്ദുചൂഡൻ ജയിലിൽനിന്നും വരുന്ന ദിവസം, ഭർത്താ